# കോവിഡ് കാലത്തെ കുടുംബശ്രീ

## വടവന്നൂർ

കോവിഡ് 19 രോഗ പശ്ചാത്തലത്തിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാദുരന്ത നിവാരണ അതോറിറ്റിയുമായി സഹകരിച്ച് വടവന്നൂർ പഞ്ചായത്ത് രോഗബാധയെക്കുറിച്ച് ബോധവൽക്കരണം നടത്തി. അതിനായി ആദ്യമായി ഏതൊരു പ്രവർത്തനവും താഴെത്തട്ടിലെത്തിക്കുന്നതിന് സുഗമമായ കൂട്ടായ്മയായ അയൽകൂട്ടങ്ങൾ തമ്മിലും അയൽകൂട്ടാംഗങ്ങളുടെ ഇടയിലും എഡിഎസ് തലത്തിലും വാട്സ് അപ്പ് ഗ്രൂപ്പുകൾ ഉ ാക്കിയെടുത്തു. കോവിഡ് 19 രോഗത്തെക്കുറിച്ച് സംസ്ഥാന മിഷനിൽ നിന്നും വരുന്ന നിർദേശങ്ങൾ എത്രയും പെട്ടെന്ന് ജനങ്ങളിലേക്ക് എത്തിക്കാനുള്ള മാർഗമായി ഇത് കണക്കിലെടുത്ത് കൂടുതൽ ഗ്രൂപ്പുകൾ ഉ ാക്കിയെടുക്കാൻ കുടുംബശ്രീക്കു സാധിച്ചു. രോഗാണുപ്രതിരോധത്തിനു ശാസ്ത്രീയമായി കൈ കഴുകുന്നത് എങ്ങനെയെന്നു പരിശീലനം നൽകി വന്നു. കൂടാതെ കൃത്യമായ ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങളും നൽകി വന്നു.

## വയോജനങ്ങളുടെ പരിരക്ഷ

കോവിഡ് 19 ഭീതി ഇല്ലാതാക്കാനും ആത്മവിശ്വാസം നൽകാനും സമൂഹത്തിൽ ഒറ്റപ്പെട്ടും അല്ലാതെയും താമസിക്കുന്ന വയോജനങ്ങളുടെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവരുടെയും പരിരക്ഷ ഉറപ്പുവരുത്താനായി വടവന്നൂർ സിഡിഎസ് ൽ നിന്നും സന്നദ്ധരായി R.P മാർ അഞ്ചു ദിവ

സത്തെ ഇടവേളകളിൽ ഇവരുമായി ബന്ധപ്പെട്ടിരുന്നു. അവരുടെ ഒറ്റപ്പെട ലിന്റെ ആഴം കുറയ്ക്കാനും അതിനോടൊപ്പം അവരുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം മരുന്ന് എന്നിവയുടെ ലഭ്യത ഉറപ്പു വരുത്താനും സാധിച്ചിട്ടു ്. കാൻസർ രോഗികൾക്ക് പാലക്കാട് ആശുപത്രിയിൽ നിന്നും മരുന്ന് സമയത്തിന് എത്തിച്ചു കൊടുക്കാനും ഇതു മൂലം കുടുംബശ്രീക്ക് സാധിച്ചു.

## സമൂഹ അടുക്കള

സംസ്ഥാന സർക്കാരിന്റെ വിശപ്പുരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ ഭക്ഷണം എത്തിക്കുന്ന സംവിധാനം ഒരുക്കിയ സമൂഹ അടുക്കള വടവന്നൂർ പഞ്ചായത്തിന്റെ കീഴിലുള്ള MGR കല്യാണമണ്ഡപത്തിൽ 27 മാർച്ച് 2020 മുതൽ 3 മെയ് 2020 വരെ നടന്നു വന്നിരുന്നു. വിവിധ ഇടങ്ങളിൽ കുടുങ്ങികിടക്കുന്ന ഇതര സംസ്ഥാനതൊഴിലാളികൾ ഉൾപ്പെടെ അഗതികൾക്കും ഒറ്റപ്പെട്ടു കഴിയുന്നവർക്കും റോഡരികിലും കനാൽ തീരങ്ങളിലും ഷെഡ് കെട്ടി താമസിക്കുന്നവർക്കും ഫ്രീ ഹോം ഡെലിവറിയായി ഭക്ഷണം നൽകി വന്നിരുന്നു. 104പേർക്കുള്ള ഭക്ഷണം കുടുംബശ്രീ അംഗങ്ങളായ നാലുപേർ സാമൂഹിക അകലം പാലിച്ച് ശുചിത്വത്തോടെ പാചകം ചെയ്ത് ആവശ്യക്കാരിലേക്ക് പതിവായി എത്തിക്കുമായിരുന്നു. പഞ്ചായത്ത് പ്രസിഡന്റ് മറ്റു പ്രതിനിധികൾ, CDS ചെയർപേഴ്സൺ എന്നിവരും ഭക്ഷണത്തിന് ആവശ്യമായിട്ടുള്ള സാധനങ്ങൾ സ്പോൺസർഷിപ്പ് വഴി ക ത്തികൊടുത്തിരുന്നു. ഭക്ഷണം എത്തിച്ചിരു

ന്നത് സന്നദ്ധസേനാംഗങ്ങളാണ്. വടവന്നൂരിലെ അഗതികൾക്കൊരു കൈത്താങ്ങായി ഈ പദ്ധതി പ്രവൃത്തിച്ചു വന്നു.




## CMHLS

കൊവിഡ് 19നെ ചെറുക്കാൻ ലോക്ക്ഡൗൺ മൂലമു ാകുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായിട്ടു ാകാവുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്തുകൊ ് സാധാരണക്കാർക്ക് അനുവദിക്കുന്ന അടിയന്തിര വായ്പാ സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള CMHLS ന് 125 കുടുംബശ്രീ ഗ്രൂപ്പുകളിൽ നിന്നുള്ള അപേക്ഷകൾ സ്വീകരിച്ച് വടവന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലും കനറ ബാങ്കിലും ഇന്ത്യൻബാങ്ക് പുതുനഗരത്തും ധനലക്ഷ്മി ബാങ്ക് കൊല്ലങ്കോട് എന്നിവിട

ങ്ങളിലായി സമർപ്പിച്ചു. ഇപ്പോൾ 45 ഓളം ഗ്രൂപ്പിനായി ലോൺ തുക അനു

വദിച്ചിട്ടു ്.





## മാസ്ക്/സാനിറ്റൈസർ നിർമ്മാണം.

കൊവിഡ് കാലഘട്ടത്തിൽ രോഗ പ്രതിരോധത്തിന് അവശ്യമായ ഘടകങ്ങൾ ആണ് മാസ്ക്, ഹാന്റ് സാനിറ്റൈസർ മുതലായവ. വടവന്നൂരിലെ വിവിധ കുടുംബശ്രീ അംഗങ്ങൾ ഇതിന്റെ നിർമ്മാണത്തിനായി മുന്നോട്ടു വന്നിട്ടു ്. ദേവി അയൽക്കൂട്ടത്തിലെ ഒരംഗം സൗജന്യമായി ഹാന്റ് സാനിറ്റൈസർ വിതരണം ചെയ്തു നൽകിയിരുന്നു. കൂടാതെ 200 ഓളം മാസ്കുകൾ സൗജന്യമായി വടവന്നൂർ പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് വിതരണം ചെയ്തിരുന്നു. ഓർഡർ അനുസരിച്ച് മാസ്ക് ചെയ്തുകൊടുക്കുന്ന യൂണിറ്റുകൾ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

## കോവിഡ് 19 പ്രതിരോധ പ്രവർത്തനം

നിലവിൽ പ്രവാസികൾ/ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളികളുടെ വരവിനെത്തുടർന്ന് കോവിഡ് 19 പ്രതിതരോധ പ്രവർത്തനത്തിന്റെ ഭാഗമായി വാർഡുതല കമ്മിറ്റി എല്ലാ വാർഡിലും രൂപീകരിച്ചിട്ടു ്. പ്രസ്തുത കമ്മിറ്റിയിൽ JHI ആശാ വർക്കർമാർ വാർഡ് മെമ്പർമാർ കുടുംബശ്രീ പ്രതിനിധി എന്നിവർ ഉൾപ്പെടുന്നു. അന്യസ്ഥലത്തുനിന്നും എത്തുന്ന ഇവരെ സംരക്ഷിക്കുന്നതിനായി അവരുടെ ക്വാറന്റൈൻ ജീവിതം എന്നും അന്വേഷിച്ചുകൊ ് ഇവർ എപ്പോഴും മറ്റുള്ളവർക്ക് കരുതലായി ഇരിക്കുന്നു.

## കൗൺസിലിങ് പിന്തുണ

കൗൺസിലിങ് സപ്പോർട്ട് ആവശ്യമായ ഘട്ടത്തിൽ എപ്പോഴും ഉണർന്നിരുന്നുകൊ ് വടവന്നൂർ CDS അംഗങ്ങൾ ആവശ്യക്കാർക്ക് ലഭ്യ മാക്കിയിരുന്നു.

## അടുക്കളത്തോട്ടം

ലോക്ക്ഡൗൺ ദിനങ്ങളെ ക്രിയാത്മകമാക്കാനുള്ള ഉദ്ദേശ്യത്തോടെ അടുക്കളത്തോട്ടം പദ്ധതിയുമായി വടവന്നൂർ സിഡിഎസ് കൃഷിഭവന്റെ സഹായത്തോടെ ഒരോ വാർഡിലേക്കും 250 വിത്തുകൾ വിതരണം ചെയ്തു. അടുക്കളത്തോട്ടം ഒരുക്കുന്നതിനെകുറിച്ചുള്ള ബോധവത്കര ണവും നടത്തി. സ്ഥലമില്ലാത്തവരാണെങ്കിലും ടറസിന്റെ മുകളിലും പ്രതേ ്യകം സജ്ജമാക്കിയ ഇടങ്ങളിലുമായാണ് അടുക്കളത്തോട്ടം നിർമ്മിച്ചത്.